THE



തിരുവിതാംകൊട്ട സക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY

ഉത്തരവിൻ പ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു

Vol. XLI.] TRIVANDRUM TUESDAY JANUARY 13, 1903. / MARGALY 29, 1078. No. 2.

വാല്യം [illegible] തിരുവനന്തപുരം [illegible] ചൊവ്വാഴ്ച നമ്പർ [illegible]

CONTENTS.

Extract from the Gazette of India Extraordinary dated 1st January 1903.

* * * *

"The King-Emperor has been graciously pleased to make the following appointment to the Most Eminent Order of the Indian Empire, on the occasion of the Durbar to be held this day at Delhi in His Majesty's Indian Empire, in commemoration of His Majesty's coronation:

TO BE KNIGHT GRAND COMMANDER.

His Highness Sri Padmanabha Dasa Vanji Sir Bala Rama Varma Kulashekhara Kiritapati Mani Sultan Maharaja Raja Rama Raja Bahadur Shamsher Jang, G. C. S. I., of Travancore.

* * * * * *

By Order of the Grand Master,

H. S. BARNES,

Secretary to the Most Eminent Order of the Indian Empire."

* * * * * *

Important Intelligence.

His Highness the Maha Rajah left Trivandrum on Friday the 5th December on a tour to Delhi attended by the Dewan and other officers.

വിശേഷകാര്യം

വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു ഡെൽഹിയിലേക്കു ൧൦൭൮ വൃശ്ചികമാസം ൨൧൹ വെള്ളിയാഴ്ച ദിവസം എഴുന്നള്ളത്തു പുറപ്പെട്ടിരിക്കുന്നതും എഴുന്നള്ളത്തോടുകൂടി ദിവാൻജി അവർകളും മുതലായ ഉദ്യോഗസ്ഥന്മാർ പോയിരിക്കുന്നതും ആകുന്നു

Programme of His Highness the Maha Rajah's return journey from Delhi—1903.

Station.	Date and Hour.		Day of the week.	Station.	Date and Hour.		Day of the week.
Leave Delhi ...	... 4th January 1903 ...	P. M.	Sunday ...	Arrive Lucknow	5th January 1903 ...	A. M.	Monday.
,, Lucknow	5th Do. ...	P. M.	Monday ...	,, Allahabad ...	6th Do. ...	A. M.	Tuesday.
,, Allahabad ...	6th Do. ...	P. M.	Tuesday ...	,, Benares	7th Do. ...	A. M.	Wednesday.
,, Benares	8th Do. ...	P. M.	Thursday ...	,, Madhupur	9th Do. ...	A. M.	Friday.
,, Madhupur	9th Do. ...	NOON.	Friday. ...	,, Puri ...	10th Do. ...	A. M.	Saturday.
,, Puri ...	11th Do. ...	P. M.	Sunday ...	,, Waltair	12th Do. ...	A. M.	Monday.
,, Waltair	12th Do. ...	P. M.	Monday ...	,, Bezwada	13th Do. ...	A. M.	Tuesday.
,, Bezwada	13th Do. ...	P. M.	Tuesday ...	,, Arconum ...	14th Do. ...	A. M.	Wednesday.
,, Arconum ...	14th Do. ...	P. M.	Wednesday...	,, Trichinopoly ...	15th Do. ...	A. M.	Thursday.
,, Trichinopoly ...	15th Do. ...	P. M.	Thursday ...	,, Tinnevelly ...	16th Do. ...	A. M.	Friday.
,, Tinnevelly ...	17th Do. ...	NOON.	Saturday ...	,, Nangunery ...	17th Do. ...	P. M.	Saturday.
,, Nangunery ...	17th Do. ...	P. M.	Saturday ...	,, Tiruppatisaram ...	18th Do. ...	A. M.	Sunday.
,, Tiruppatisaram ...	19th Do. ...	NOON.	Monday ...	,, Padmanabhapuram...	19th Do. ...	P. M.	Monday.
,, Padmanabhapuram...	20th Do. ...	A. M.	Tuesday ...	,, Kuzhittura ...	20th Do. ...	A. M.	Tuesday.
,, Kuzhittura ...	20th Do. ...	NOON.	Tuesday ...	,, Neyyattinkarai ...	20th Do. ...	P. M.	Tuesday.
,, Neyyattinkarai ...	21st Do. ...	A. M.	Wednesday...	,, Trivandrum ...	21st Do. ...	A. M.	Wednesday.

ഡെൽഹിയിൽ നിന്നു തിരിയെ എഴുന്നള്ളുന്ന വകയ്ക്കുള്ള പ്രോഗ്രാം.—തുടർച്ച.

തിരിക്കുന്ന സ്റ്റേഷൻ.	തിയതി.	നേരം.	ആഴ്ച.	എത്തുന്ന സ്റ്റേഷൻ.	തീയതി.	നേരം.	ആഴ്ച.
ഡെൽഹി ...	ധനു ൨൧ ൧൦൭൮	അത്താഴം	ഞായർ ...	ലക്ക്നൌ ...	ധനു ൨൨ ൧൦൭൮	മുത്താഴം	തിങ്കൾ
ലക്ക്നൌ ...	ടി ൨൨	...	തിങ്കൾ ...	അല്ലഹബാദ് ...	ടി ൨൨	...	ചൊവ്വാ
അല്ലഹബാദ് ...	ടി ൨൨.	...	ചൊവ്വാ ...	കാശി ...	ടി ൨൩	...	ബുധൻ
കാശി ...	ടി ൨൪	...	വ്യാഴം ...	മധുപുരം ...	ടി ൨൫	...	വെള്ളി
മധുപുരം ...	ടി ൨൫	...	വെള്ളി ...	പുരി ...	ടി ൨൬	...	ശനി
പുരി ...	ടി ൨൭	...	ഞായർ ...	വാൾട്ടെയാർ ...	ടി ൨൮	...	തിങ്കൾ
വാൾട്ടെയാർ ...	ടി ൨൮	...	തിങ്കൾ ...	ബെസ്വാഡാ ...	ടി ൩൦	...	ചൊവ്വാ
ബെസ്വാഡാ ...	ടി ൨൯	...	ചൊവ്വാ ...	ആർക്കോണം ...	മകരം ൧൦൭൮	...	ബുധൻ
ആർക്കോണം ...	മകരം ൧൦൭൮	...	ബുധൻ ...	ത്രിശ്ശിനാപ്പള്ളി ...	ടി ൨	...	വ്യാഴം
ത്രിശ്ശിനാപ്പള്ളി ...	ടി ൨	...	വ്യാഴം ...	തിരുനെൽവേലി ...	ടി ൩	...	വെള്ളി
തിരുനെൽവേലി ...	ടി ൪	മുത്താഴം ...	ശനി ...	നാംകനേരി ...	ടി ൪	അത്താഴം ...	ശനി
നാംകനേരി ...	ടി ൪	അത്താഴം ...	ശനി ...	തിരുപ്പതിസാരം ...	ടി ൫	മുത്താഴം ...	ഞായർ
തിരുപ്പതിസാരം ...	ടി ൬	ഉച്ചയ്ക്ക് ...	തിങ്കൾ ...	പത്മനാഭപുരം ...	ടി ൬	അത്താഴം ...	തിങ്കൾ
പത്മനാഭപുരം ...	ടി ൭	കാലത്തു ...	ചൊവ്വാ ...	കുഴിത്തുറ ...	ടി ൭	മുത്താഴം ...	ചൊവ്വാ
കുഴിത്തുറ ...	ടി ൭	ഉച്ചയ്ക്ക് ...	ചൊവ്വാ ...	നെയ്യാറ്റിൻകര ...	ടി ൭	അത്താഴം ...	ചൊവ്വാ
നെയ്യാറ്റിൻകര ...	ടി ൮	കാലത്തു ...	ബുധൻ ...	തിരുവനന്തപുരം ...	ടി ൮	കാലത്തു ...	ബുധൻ

NOTICE

Is hereby given to the heirs and legal representatives of Virkey Varghese who was working as a contractor in the Division and who is reported to have died, that a sum of Rs. (191-9-2) one hundred and ninety one, chuckrams nine, and cash two, is due to him and is held in deposit. They are required to submit their claim in person or by a duly authorised agent within three months from the date of publication of this notice failing which the money will be credited to Government.

The application should be accompanied by a decree or order of a Civil Court recognising the heirship of the claimant to the deceased, or certificates of heirship which will be accepted only if they are satisfactory.

K. KRISHNASWAMY RAO,
Dewan.

പരസ്യം

ഈ ഡിവിഷനിൽ കണ്ട്രാക്ടായി വെലചെയ്തു വന്ന മരിച്ചുപൊയ വക്കി വൎഗ്ഗീസിന്റെ അവകാശികളെയും ചട്ടപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള പ്രതിനിധികളെയും തെര്യപ്പെടുത്തുന്നതെന്തെന്നാൽ.

മെൽപ്പറഞ്ഞ വക്കി വൎഗ്ഗീസിനു നൂററിതൊണ്ണൂററിഒന്നു രൂപാ ഒൻപതു ചക്രം രണ്ടു കാശു ചെല്ലുവാനുള്ളതു അനാമത്തായി വെച്ചിരിക്കുന്നു. ഈ പണത്തിനു അവൎക്കുള്ള അവകാശത്തിനെപ്പററി അവർ തന്നെ നെരിട്ടൊ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കാൎയ്യസ്ഥൻ മൂലമൊ ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്നു മാസത്തിനകം ബൊധിപ്പിക്കെണ്ടതാകുന്നു.

അതിനു മുടക്കം ചെയ്യാതിരുന്നാൽ അവധികഴിഞ്ഞ ഉടൻ സൎക്കാരിലെക്കു മുതൽകൂട്ടുന്നതാകുന്നു.

അവകാശ അപെക്ഷയൊടുകൂടി അവകാശപ്പെടുന്നവൻ മരിച്ചുപൊയ വക്കി വൎഗ്ഗീസിന്റെ അവകാശിയാണെന്നു സമ്മതിക്കുന്നതായ ഒരു സിവിൽ കൊട്ടിലെ ഡിക്രിയൊ ഉത്തരവൊ അല്ലാത്തപക്ഷം ഒരു അവകാശ സട്ടിഫിക്കെററൊ ഹാജരാക്കെണ്ടതും ആ വക സട്ടിഫിക്കെററു തൃപ്തികരമായിരുന്നാൽ മാത്രം അംഗീകരിക്കപ്പെടുന്നതും ആകുന്നു.

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ സി. ഐ. ഇ.

NOTICE

Is hereby given to the heirs and legal representatives of Govindan Raman Nair who was working as a contractor in the Division and who is reported to have died, that a sum of Rs. (165-2-2) one hundred and sixty five, chuckrams two, and cash two, is due to him and is held in deposit. They are requested to submit their claim in person or by a duly authorised agent within three months from the date of publication of this notice, failing which the money will be credited to Government.

2. The application should be accompanied by a decree or order of a Civil Court recognising the heirship of the claimant to the deceased, or certificates of heirship which will be accepted only if they are satisfactory.

K. KRISHNASWAMY RAO,
Dewan.

പരസ്യം

ഈ ഡിവിഷനിൽ കണ്ട്രാക്ടായി വെലചെയ്തു വന്ന മരിച്ചുപൊയ ഗൊവിന്ദൻ രാമൻ നായരുടെ അവകാശികളെയും ചട്ടപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള പ്രതിനിധികളെയും തെര്യപ്പെടുത്തുന്നതെന്തെന്നാൽ.

മെൽപ്പറഞ്ഞ ഗൊവിന്ദൻ രാമൻ നായൎക്കു നൂററിഅറുപത്തഞ്ചു രൂപാ രണ്ടു ചക്രം രണ്ടു കാശു ചെല്ലുവാനുള്ളതു അനാമത്തായി വെച്ചിരിക്കുന്നു. ഈ പണത്തിനു അവൎക്കുള്ള അവകാശത്തിനെപ്പററി അവർ തന്നെ നെരിട്ടൊ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കാൎയ്യസ്ഥൻ മൂലമൊ ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്നു മാസത്തിനകം ബൊധിപ്പിക്കെണ്ടതാകുന്നു.

അതിനു മുടക്കം ചെയ്യാതിരുന്നാൽ അവധികഴിഞ്ഞ ഉടൻ സൎക്കാരിലെക്കു മുതൽകൂട്ടുന്നതാകുന്നു.

അവകാശ അപെക്ഷയൊടുകൂടി അവകാശപ്പെടുന്നവൻ മരിച്ചുപൊയ ഗൊവിന്ദൻ രാമൻ നായരുടെ അവകാശിയാണെന്നു സമ്മതിക്കുന്നതായ ഒരു സിവിൽ കൊട്ടിലെ ഡിക്രിയൊ ഉത്തരവൊ അല്ലാത്തപക്ഷം ഒരു അവകാശ സട്ടിഫിക്കെററൊ ഹാജരാക്കെണ്ടതും ആ വക സട്ടിഫിക്കെററു തൃപ്തികരമായിരുന്നാൽ മാത്രം അംഗീകരിക്കപ്പെടുന്നതും ആകുന്നു.

ദിവാൻ കെ. കൃഷ്ണസ്വാമിരായർ,
ദിവാൻ ബഹദൂർ സി. ഐ. ഇ.

നമ്പർ ൨൬൯ ജമാബന്തി രായസം

അറിയിപ്പു.

പബ്ലിക് കാൎയ്യങ്ങൾക്കായി കുടികളുടെ പേരിൽ പതിഞ്ഞിട്ടുള്ള വസ്തുക്കൾ സൎക്കാരിലേക്കു ഒഴിപ്പിക്കുന്നതിനുണ്ടായിട്ടുള്ള ൧൦൬൯-ാമാണ്ടത്തെ മൂന്നാം റെഗുലെഷൻ ൬-ാം വകുപ്പു അനുസരിച്ചു തെൎയ്യപ്പെടുത്തുന്നതു

കവിയൂര നിന്നും കോഴഞ്ചേരി വരെ റോഡു വെട്ടുന്നതിനു കവിയൂര പ്രവൃത്തിയിൽ വള്ളംകുളം കിഴക്കെ മുറിയിൽ ഊരയിരവീട്ടിൽ കൃഷ്ണൻ കൃഷ്ണൻ മുതൽപേരുടെ അനുഭവത്തിൽ ഇരിക്കുന്ന കവിയൂര പ്രവൃത്തിയിൽ വള്ളംകുളം കിഴക്കെ മുറിയിലും ഇരവിപേരൂര മുറിയിലും ൩൬൫൦ നമ്പർ വസ്തുക്കളിൽ നിന്നും ൧൧൩ കാമാകാണി പേരക്കം സ്ഥലംകൂടി എടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ൭൮ ധനു ൧൦൭൮.

ഇൻ ചാൎജ് ദിവാൻപേഷ്കാർ,
വി. നാഗമയ്യാ.

CHARITY OUR HOUSEHOLD DIVINITY

R.V.

धर्मोऽस्मत्कुलदैवतं

Part. II.

Notice of auction sale of contract for the supply of Vegetables &c., for Oottupuras

കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു

എന്തെന്നാൽ

൧. തിരുവല്ലാ ക്ഷേത്രത്തിൽ ൧൦൭൯ വരുന്ന കുംഭമാസം ൧൯-ാം മുതൽ ഉത്സവം തുടങ്ങുന്നതുകൊണ്ടതിനു ആവശ്യം ഉള്ള സാമാനങ്ങൾ ലേലം വിളിപ്പിച്ചു കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു അതിലേക്കു മനസ്സുള്ള ആളുകൾ ൧൦൭൯ വരുന്ന മകരമാസം ൧൯-ാം പകൽ പത്തു മണിക്കു ൧൦൭൯ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം,

൨. ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും ൫ രൂപാ വീതം ഡിപ്പോസിറ്റ് കെട്ടിവെക്കേണ്ടതും അല്ലാത്തവരെ ലേലത്തിൽ ചേരുവാൻ സമ്മതിക്കുന്നതല്ലാത്തതും ആകുന്നു, ലേലം സ്ഥിരപ്പെട്ടതിന്റെശേഷം കുത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിനുവേണ്ടി മുമ്പു വെക്കുന്നതുംകൂടെ കുത്തക വിലയിൽ എട്ടിലൊരുഭാഗംസംഖ്യ ഡിപ്പോസിറ്റ് അടുത്ത ദിവസംവൈകുന്നതിനകം വെക്കണം അല്ലാതെ പോയാൽ ആദ്യഡിപ്പോസിറ്റിനെ സർക്കാരിലേക്കു മുതൽ കൂട്ടുന്നതു കൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചോ മറ്റൊ വേറെ വിധം വ്യവസ്ഥചെയ്തു നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയായി തീരുകയും ചെയ്യും ലാഭമുണ്ടായാൽ അതിലേക്കു അവകാശം പറഞ്ഞു കൂടുന്നതല്ലാ, ലേലം സ്ഥിരപ്പെട്ട ഉടനെ ശേഷംപേരുടെ ഡിപ്പോസിറ്റ് മടക്കി കൊടുക്കുന്നതായിരിക്കും,

൩. ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ സംഖ്യയും തരവും തവണയും കച്ചേരിയിൽ ഹാജരായി ചോദിച്ചാൽ പറയുന്നതാകുന്നു, സാമാനങ്ങൾ കൂടുതൽ കുറവായി ആവശ്യപ്പെടുന്നതുപോലെ ഏല്പിക്കേണ്ടതാണ,

൪. അതാതു തവണക്കുള്ള സാമാനങ്ങളെ തിരുവല്ലാ ക്ഷേത്രത്തിൽ അതതു സ്ഥലങ്ങളിൽ കൊണ്ടുചെന്നു അവിടത്തെ കീഴ്നടപ്പുപോലെ തൂക്കിയും അളന്നും എണ്ണിയും ഏല്പിച്ചു പ്രമാണം വാങ്ങിച്ചുകൊള്ളണം, ഓരോ തവണക്കുള്ള സാമാനങ്ങൾ മുഴുവനും ഏല്പിച്ചു തീർന്നയുടനെ അതിലേക്കുള്ള പണം വാങ്ങിച്ചുകൊള്ളണം, ഒടുക്കലത്തെ തവണക്കുള്ള സാമാനങ്ങൾ ഏല്പിച്ചുതിന്നാൽ ഉത്സവം കഴിഞ്ഞു കൈക്കണക്കു മുഴുവനും തീർത്തു പണം കൊടുക്കുന്നതും ആകുന്നു പിന്നീട ഡിപ്പോസിറ്റും തിരിച്ചു കൊടുക്കുന്നതായിരിക്കും,

൫. കുത്തകയിൽ ഏല്പിട്ടാത്ത ഏതെങ്കിലും സാമാനങ്ങൾക്കു ആവശ്യപ്പെട്ട പക്ഷം കൊടുക്കുന്നതായിരുന്നാൽ ആയതു ഏല്പിച്ചു കീഴ്നടപ്പുപോലെ പണം വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

൬. ഏതെങ്കിലും സാമാനങ്ങൾ തരതു അവധിക്കു ശരിയായും ഏല്പിക്കാതെയിരിക്കയൊ കുത്തകക്കാരന്റെ വീഴ്ചയിനാലൊ നടപടി തെറ്റിനാലൊ വല്ല തകരാറുകളും നേരിടുകയൊ ചെയ്താൽ അതിൽ വച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ ഉത്തരവാദിയായി തീരും

അ നഷ്ടത്തിനു ഡിപ്പോസിറ്റിനു പുറമെ വസ്തുവിലും പ്രവേശിച്ചു ഈടാക്കുന്നതാണ്,

൭. സാമാനങ്ങൾ എല്ലാം ഒന്നിച്ചോ പ്രത്യേകം പ്രത്യേകമായിട്ടോ ലേലം വിളിപ്പിച്ചു കൊടുക്കുന്നതാകുന്നു, ലേലം സ്ഥിരപ്പെടുന്നതു സർക്കുലർ അനുസരിച്ചു അനുവാദപ്രകാരം ആയിരിക്കും എന്നു

൧൦൭൯-ാമാണ്ടു ധനുമാസം ൩൦-

ദിവാൻ പേഷ്കാർ രാജാരാമരായർ.

TRAVANCORE P. W. D.

Notice inviting tenders for work.

Tenders are invited for the execution of the following work.

Description.—Constructing a Bridge across the Periyar River on the 59th mile Kottayam-Kumili Road.

Locality.—59th mile Kottayam-Kumili Road.

Tenders, sealed and endorsed as such, should be delivered at the office of the undersigned on or before the 20th January 1903 on which day they will be opened by the undersigned at his office. Each tender should be accompanied by earnest money, Rs. 100 in cash or cheque, on a recognized Firm and should state the date of completion of the work.

The successful tenderer will, before signing the agreement and commencing work and within a week after the acceptance of his tender has been intimated to him, have to deposit a sum equivalent to 5 per cent of the probable value of contract as security for the proper fulfilment of the same less, of course, the amount of earnest money deposited by him. If he fails to do this the earnest money will be forfeited to Government and the contract put up to auction again. If it results in any loss to Government the same will be recovered from him in due course; but should the contract be given to another contractor at a profit to Government the original contractor shall have no claim whatever to the profit.

The acceptance of the tender rests with the Chief Engineer, but subject to the approval of Government.

The Department reserves to itself the right of putting the contract for this work up to auction, or of carrying out the work in any manner different from the terms of this invitation that may be thought fit, subsequent to the receipt of tenders. Under no circumstances will the Stamp or Tender fees be refunded.

Drawings connected with the work can be seen at the office either of the Chief Engineer or Division Officer, Kottayam, on any office day during office hours. Specification of work to be done and conditions of contract to be entered into may be seen at the office either of the Chief Engineer or of the Division Officer, Kottayam, on office days during office hours.

Printed forms of Tender can be obtained from the undersigned at a cost of one chuckram each. Tenders not on printed form will not necessarily be entertained.

Any further information necessary can be obtained either at the office of the undersigned or of the Division Officer, Kottayam.

C. A. SMITH,
Chief Engineer.

Name of work.	Units for which rates should be quoted in Tender.	Description of work.	Approximate quantities of work to be done.
Constructing a bridge across the Periyar River on the 59th Mile Kottayam-Kumili Road	100 c. ft.	Coursed Rubble in mortar according to the specification in use on the Tinnevelly-Quilon Railway.	49,122
	100 c. ft.	Ashlar fine dressed.	720
	1 c. ft.	Benching rocks.	2,829

തിരുവിതാംകൂർ പി. ഡബ്ലിയു. ഡി.

വേലകൾക്കു ദൎഖാസ്തുകൾ ക്ഷണിക്കപ്പെടുന്ന നൊട്ടീസ്.

താഴെ പ്രസ്താവിക്കുന്ന വേല ചെയ്യുന്നതിനു ദൎഖാസ്തുകൾ ആവശ്യപ്പെടുന്നു.

വേലവിവരം—കൊട്ടയം കുമിളിറോഡിനു ൬൭ാമതു മയിലിനു പെരിയാററിൽ ഒരു പാലം കെട്ടുന്ന വേല.

സ്ഥലം—കൊട്ടയം കുമിളിറോഡിനു ൬൭ാമതു മയിൽ.

ദൎഖാസ്തുകൾ മുദ്രവച്ചും ഇന്നകാൎയ്യത്തിനെന്നു എഴുതിയും താഴെ കല്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ ൧൯൦൩ ജനുവരിമാസം ൨൦൹-യിലൊ അതിനുമുമ്പായൊ എത്തിക്കെണ്ടതും ആ ഉദ്യോഗസ്ഥൻ തന്റെ ആഫീസിൽ വച്ചു അന്നുതന്നെ അവയെ പൊട്ടിച്ചു നൊക്കുന്നതും ആകുന്നു. ഓരൊ ദൎഖാസ്തിനൊടുകൂടി നിരതദ്രവ്യമായി ൨൦൦ രൂപാ നാണയമായിട്ടൊ അറിയപ്പെട്ടതും വിശ്വാസമുള്ളതുമായ ബാംകിന്റെ (Firm) പേൎക്കു എഴുതിട്ടുള്ള ഒരു ചെക്കായിട്ടൊ അയക്കുകയും കൂടി വേല ഇന്ന ദിവസം തീൎത്തു ഏല്പിക്കാമെന്നു കാണിച്ചിരിക്കെണ്ടതും ആകുന്നു.

സ്വീകരിക്കപ്പെട്ട ദൎഖാസ്തുകാരൻ തന്റെ ദൎഖാസ്തു സ്വീകരിക്കപ്പെട്ട വിവരം തന്നെ തെര്യപ്പെടുത്തിയ തിയതി മുതൽ ഒരാഴ്ചവട്ടത്തിനകവും ഉടമ്പടി എഴുതിവച്ചു വേല ആരംഭിക്കുന്നതിനു മുൻപിലുമായിട്ടു വേല ശരിയായി ചെയ്തേല്പിക്കാമെന്നുള്ളതിലെക്കു ജാമ്യമായി ജാമ്യ ഉടമ്പടിയുടെ ഉദ്ദേശം ആകെ തുകയിൽ ൨൦൦ ന ൧ വീതമുള്ള തുക താൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം കഴിച്ചു കെട്ടിവക്കെണ്ടതുമാകുന്നു.

ഇങ്ങനെ ജാമ്യം കെട്ടിവയ്ക്കാതെ ഇരുന്നാൽ താൻ നിരതദ്രവ്യമായി അടച്ച തുക സൎക്കാരിലെക്കു മുതൽ കൂട്ടുന്നതും കൂടാതെ വീണ്ടും ലേലം വിളിക്കുന്നതുമാകുന്നു. വീണ്ടും ലേലം വിളിക്കുന്നതിൽ വച്ചു സൎക്കാരിലെക്കു ഏതെങ്കിലും നഷ്ടത്തിനു ഇടയാകുന്നതായാൽ ആ നഷ്ടം ആയാളിൽ നിന്നു ക്രമപ്രകാരം ഈടാക്കുന്നതും ആദായം സിദ്ധിക്കുന്നതായാൽ അതിലെക്കു അയാൾക്കു അവകാശം ഇല്ലാത്തതും ആകുന്നു.

ദൎഖാസ്തു സ്വീകരിക്കുന്ന അധികാരം ചീഫ് ഇഞ്ചിനീയൎക്കു ഉള്ളതും എന്നാൽ ഗവൎമ്മെണ്ടിന്റെ സമ്മതത്തിനു ഉൾപ്പെട്ടതും ആകുന്നു.

വേലയ്ക്കുള്ള കാൺട്രാക്ടു ലേലം വിളിക്കുന്നതിനും ദൎഖാസ്തുകൾ സ്വീകരിച്ചതിന്റെ ശേഷം ഇതിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യാസമായി യുക്തമായി വിചാരിക്കപ്പെടുന്ന വെറെ വിധത്തിൽ വേല നടത്തുന്നതിനുമുള്ള അധികാരം ഈ ഡിപ്പാൎട്ടുമെന്റിലെക്കുള്ളതാകുന്നു. ഏററവും താണതൊ മറെറതെങ്കിലുമൊ ആയ ദൎഖാസ്തു ഫിക്സാ തീൎച്ചയായി കൊടുക്കുന്നതല്ലാ.

വേല സംബന്ധിച്ചുള്ള പ്ലാൻ ആഫീസുള്ള ദിവസങ്ങളിൽ ആഫീസുള്ള സമയം ചീഫ് ഇൻജിനിയരാഫീസിലൊ കൊട്ടയം ഡിവിഷൻ ആഫീസിലൊ വച്ചു കാണാവുന്നതാകുന്നു. വേല വിവരവും ഉടമ്പടി ചട്ടങ്ങളും ചീഫ് ഇൻജിനിയരാഫീസിലൊ കൊട്ടയം ഡിവിഷൻ ആഫീസിലൊ ആഫീസുള്ള ദിവസങ്ങളിൽ ആഫീസുള്ള സമയങ്ങളിൽ കാണാവുന്നതാകുന്നു.

അച്ചടിച്ച ദൎഖാസ്തു ഫാറങ്ങൾ ഒരു ചക്രം വിലയ്ക്കു താഴെ കല്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും കിട്ടുന്നതാകുന്നു. അച്ചടിച്ച ഫാറത്തിലല്ലാതെയുള്ള ദൎഖാസ്തുകൾ സ്വീകരിക്കപ്പെടുകയില്ലാത്തതാകുന്നു.

ആവശ്യമുള്ള മററു വിവരങ്ങൾ താഴെ കല്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ നിന്നൊ അല്ലെങ്കിൽ കൊട്ടയം ഡിവിഷൻ ആഫീസിൽ നിന്നൊ ലഭിക്കുന്നതാണ.

വേലയുടെ പേര്	ദറഖാസ്തിൽ വില കാണിക്കേണ്ടതായ താഴ്ന്ന തരം സംഖ്യ	വേലവിവരം	ചെയ്യേണ്ടതായ വേലയുടെ ഏകദേശ തുക
കോട്ടയം കുമിളി റോഡിലെ ൭൨-ാം മൈലിൽ പെരിയാററിലെ പാലം കെട്ടുന്നവേല	൫൦൦ ക്യൂബിക്കടി	കരട്ടമൊട്ടായിട്ടുള്ള ചാന്തുചെത്താ കല്ലുവേല (റബിൾമാട്ടർ) തിരുനൽവേലി കൊല്ലം റയിൽവെയിൽ ഉപയോഗപ്പെട്ടിരുന്ന വേലവിവരങ്ങൾ ഉടമ്പടിച്ചട്ടങ്ങൾ അനുസരിച്ചിരിക്കേണ്ടതാകുന്നു	൩൯൫൦൨
	ടി	(ആഷ്ലർ) കല്ലുകൾ നെത്തിയായി കൊത്തിയിരിക്കേണ്ടതു	൭൨൦
	൫ ക്യൂബിക്കടി	(ബഞ്ചിംഗ്റാക്കു) പാറകളിൽ ഉള്ള സ്ലോപ്പു മേടുകളെ എടുത്തു നിരപ്പാക്കേണ്ടതു	൨൯൨൫

ചീഫ് ഇഞ്ചിനീയർ
സി. എ. സ്മിത്ത്

NOTICE.

There will be a public auction sale on 23-1-03 of furniture such as tables of sorts and sizes, chairs, punkahs, looking glasses etc., etc. linen such as table covers, blankets, mattresses, pillows, bed sheets, long cloth, turkey red cloth, frills etc. and sundries such as door mats, lamps, tin mugs, grass mats etc. etc.

2. The articles are practically new, as they were procured for the recent visits of Their Excellencies the Viceroy and the Governor.

3. Specimens will be available in the place of auction for public inspection from 20-1-03.

4. Information regarding the place of auction and the complete list of the articles to be auctioned will be published later on in the Travancore Government *Gazette*.

5. Terms strictly cash.

C. A. SMITH,
Chief Engineer.

പരസ്യം.

പലമാതിരി മേശകളും, കസേരകളും, പങ്കാകളും, മുഖക്കണ്ണാടികളും, മുതലായ സാമാനങ്ങളും മേശവിരിപ്പുകളും, കമ്പിളികളും മെത്തകളും, തലയിണകളും, കിടക്കവിരിപ്പുകളും, ലാങ്ക്ക്ലാത്ത്, ചുവന്നറക്കിൻശീല, ഫ്രിൽസ് മുതലായ ശീലത്തരങ്ങളും ചവിട്ടുമെത്തകളും വിളക്കുകളും തകരപാത്രങ്ങളും, പുല്പായികളും, മുതലായ ചില്ലറ സാമാനങ്ങളും ൧൯൦൩ ജനുവരി ൨൩-ാം ലേലത്തിൽ വിൽക്കപ്പെടും.

൨. ഈ സാമാനങ്ങൾ ബഹുമാനപ്പെട്ട വൈസ്രായി സായ്പ് അവർകളുടെയും ഗവർണർ സായ്പ് അവർകളുടെയും കഴിഞ്ഞ വരവു പ്രമാണിച്ചു മേടിക്കപ്പെട്ടിട്ടുള്ളവയാകയാൽ അവ സൂക്ഷ്മത്തിൽ പുത്തനായിട്ടുള്ളവയാകുന്നു.

൩. ജനുവരി ൨൦-ാം മുതൽ ലേലസ്ഥലത്തുവച്ചു മാതൃകകൾ പരിശോധിക്കപ്പെടാം.

൪. ലേലസ്ഥലത്തെയും ലേലം ചെയ്യപ്പെടുന്ന സാമാനങ്ങളുടെ ലിസ്റ്റിനെയും സംബന്ധിച്ചു ഉള്ള വിവരം തിരുവിതാംകൂർ ഗവർന്മെന്റു ഗസെററിൽ പിന്നീടു പ്രസിദ്ധപ്പെടുത്തുന്നതാണ്.

൫. വില രൊക്കം.

സി. എ. സ്മിത്ത്,
ചീഫ് ഇഞ്ചിനീയർ.

Civil Circular No. 4 of 1078.

Proceedings of the High Court of Travancore dated 9th Vrischigom 1078.

Referring to paras 6, 7 and 8 of the rules dated the $\frac{\text{4th November 1898}}{\text{20th Thulam 1074}}$ for the payment of suitors' monies, the High Court direct that in cases in *which money under a Chellan has to be received into the Revenue Treasury the very day it is issued*, the Civil Courts shall mark such Chellan "Urgent" in red ink and give direction to the person to take it to the Treasury without any delay so as not to inconvenience the Treasury.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

൧൦൭൮-ാമാണ്ടു വക സിവിൽ സൎക്കുലർ നമ്പർ ൪.

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നു ൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൯-നു ഉണ്ടായ പ്രൊസീഡിംഗ്സ്.

ഒരു ചെല്ലാൻ കൊടുത്ത ദിവസം തന്നെ അതുപ്രകാരമുള്ള പണം റെവന്യൂ ഖജനാവിൽ വാങ്ങിക്കണമെന്നുള്ള സംഗതികളിൽ സിവിൽ കോടതികളിൽ നിന്നു ടി ചെല്ലാനിൽ ചുമന്ന മഷികൊണ്ടു "അടിയന്തരം" എന്നു എഴുതുകയും ഖജനാവിലേക്കു അസൌകൎയ്യം നേരിടാതെ ഇരിക്കത്തക്ക സ്ഥിതിയിൽ യാതൊരു താമസവും കൂടാതെ അതിനെ ഖജനാവിലേക്കു കൊണ്ടുപോകുന്നതിനു അതു കൊണ്ടുപോകുന്ന ആളിനോടു ചട്ടംകെട്ടുകയും ചെയ്യണമെന്നു കക്ഷികളുടെ വക പണങ്ങൾ കൊടുക്കുന്നതിലേക്കു ൧൮൯൮-ാം വൎഷം നവംബർ മാസം ൪-ക്കു ൧൦൭൪-ാമാണ്ടു തുലാമാസം ൨൦-നു ഉണ്ടായിട്ടുള്ള റൂൾസുകളിലെ ൬-ം ൭-ം ൮-ം വകുപ്പുകളെ സംബന്ധിച്ചു ഹൈക്കോടതി ആജ്ഞാപിക്കുന്നു.

ഉത്തരവുപ്രകാരം,
പി. സി. വള്ളിനായകംപിള്ള,
രജിസ്ട്രാർ.

Civil Circular No. 5 of 1078.

Proceedings of the High Court of Travancore dated 9th Vrischigom 1078

In marking the exhibits filed on the plaintiffs' side in a suit or proceeding with the letters of the alphabet, the High Court direct that after all the letters—from A to Z—have been given, the subsequent exhibits shall be marked "AA", "AB," "AC," "AD" etc. up to "AZ" and then "BA," "BB," "BC" etc. up to "BZ" and so on, instead of marking them with more than two letters as "AAA," "BBB" etc., as appears to be the practice in some courts at present.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

൧൦൭൮-ാമാണ്ടു വക സിവിൽ സൎക്കുലർ നമ്പർ ൫.

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നു ൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൯-നു ഉണ്ടായ പ്രൊസീഡിംഗ്സ്.

ഒരു നമ്പരിലൊ പ്രൊസീഡിംഗ്സിലൊ വാദിഭാഗത്തെതായുള്ള പ്രമാണങ്ങൾ അക്ഷരത്തിൽ അടയാളം ഇടുന്നതിൽ എ മുതൽ ഇസററു വരെ എല്ലാ അക്ഷരങ്ങളെയും ഉപയോഗിച്ചതിൽ പിന്നെ ഇപ്പോൾ ചില കോട്ടിൽ നടന്നുവരുന്നതു പോലെ "എ എ എ" "ബി ബി ബി" എന്നിങ്ങിനെ രണ്ടിലധികം അക്ഷരങ്ങൾ ഉപയോഗിക്കുന്നതിനു പകരം "എ എ" "എ ബി" "എ സി" "എ ഡി" ഇപ്രകാരം "എ ഇസററു" വരെയും പിന്നീടു "ബി എ" "ബി ബി" "ബി സി" എന്നു "ബി ഇസററു" വരെയും അതു കഴിഞ്ഞാൽ "സി എ" എന്നിപ്രകാരവും അടയാളം ഇടേണ്ടതാണെന്നു ഹൈക്കോടതി ആജ്ഞാപിക്കുന്നു.

ഉത്തരവിൻപ്രകാരം.
പി. സി. വള്ളിനായകംപിള്ള.
രജിസ്ട്രാർ.

Civil Circular No. 6 of 1078.

Proceedings of the High Court of Travancore dated 11th Vrischigom 1078.

When postage, Anchal or other stamps and currency notes or other papers of value are received with postal, telegraphic or other communications or otherwise, they should at once be brought in the accounts under the head of "miscellaneous

deposits" and secured in the cash-chest of the court but not left astray with the records as appears to be the practice in some of the courts. In the case of stamps, if received under exceptional circumstances, the courts should try to convert them into cash or make use of them at the earliest opportunity leaving cash in lieu thereof lest they might be spoilt by lapse of time and lose their value.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

൧൦൭൮-ാമാണ്ടു വക സിവിൽ സർക്കുലർ നമ്പർ ൬

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നും ൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൧൧-നു ഉണ്ടായ പ്രൊസീഡിംഗ്സ്.

തപാലോ അഞ്ചലോ അല്ലെങ്കിൽ വേറെ സ്റ്റാമ്പുകളോ കറൻസി നോട്ടുകളോ വിലപിടിച്ചതായ മറ്റു കടലാസുകളോ തപാൽ മാസ്റ്ററോ കമ്പി മാസ്റ്ററോ വരുന്ന എഴുത്തുകളോടുകൂടിയോ മറ്റു വിധേനയോ കിട്ടുന്നതായാൽ അതുകളെ ഉടൻതന്നെ പലവക (അനാമത്തുകളുടെ ഇനത്തിൽ) കണക്കിൽ മുതൽവച്ചു കോടതിയിലെ പണപ്പെട്ടിയിൽവച്ചു സൂക്ഷിക്കേണ്ടതല്ലാതെ ചില കോടതികളിൽ ചെയ്തുവരുന്നതുപോലെ റിക്കാർട്ടുകളോടുകൂടി അതുകളെ കണ്ടമാനം തള്ളിയിടേണ്ടതല്ല. വ്യത്യസ്ത സംഗതികളിന്മേൽ വരുന്ന സ്റ്റാമ്പു പണമായിട്ടു മാറുകയോ അല്ലെങ്കിൽ കഴിയുന്നതും വേഗത്തിൽ അതുകളെ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നതിനു കോടതികൾ ശ്രമിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം കാലപ്പഴക്കംകൊണ്ടു അതുകൾ ചീത്തയായി അതുകളുടെ വിലയ്ക്കു നഷ്ടം വന്നേക്കാവുന്നതാണ്.

ഉത്തരവുപ്രകാരം,
പി. സി. വള്ളിനായകംപിള്ള,
രജിസ്ട്രാർ.

Civil Circular No. 7 of 1078.

Proceedings of the High Court of Travancore dated 11th Vrischigom 1078.

It has come to the notice of the High Court that in most of the lower courts no separate Register or Inventory is kept of jewels and other valuable articles taken by actual seizure and entrusted to the cash-keeper for safe custody. The practice in some of the courts appears to be to enter them in the Panavaka Day-book of receipts with an approximate valuation and to post such entries in the Ledger of suitors' monies in some courts and in the Register of attached movables in others. It is found that in some courts the approximate value set on these articles are also shown *as cash* in the accounts, which the High Court consider objectionable. With a view to secure uniformity in the practice of the several courts in this matter, the High Court issue the following instructions for their guidance:—

(1) These valuable articles should be entered in the Panavaka Day-book of receipts as they are entrusted to the cash-keeper with an approximate valuation, but such value ought not to be shown as cash in the accounts.

(2) The articles should be entered in a separate Register to be kept for the purpose in the several courts in the form appended and need not be posted in the Ledger of suitors' monies or the Register of attached movables.

The necessity for maintaining a separate Register in respect of these valuables cannot be exaggerated. Every time the cash-chest is examined, these articles have also to be checked by the presiding Judge. Their entry in the Day-book of receipts or the posting thereof in the Ledger of suitors' monies or the Register of attached movables would be of no avail for the purpose as information regarding the articles will at all times have to be collected from a mass of books. A record of ready reference is thus absolutely necessary. The Chellan and Cheque system in force in respect of suitors' monies has not absolved the courts of their responsibility in the keeping of those articles. The courts have to receive and dispose of them though they might be transferred to the Revenue Treasuries for safe custody in *sealed boxes.* It is however to be clearly understood that such valuable articles are to be transferred to the Revenue Treasuries, when there is no prospect of these articles being immediately claimed by the parties.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

Register of jewels and other valuable articles produced in the..........court of..........for the year 107

Date of production in court.	No. and year of the suit or proceeding in which the articles are produced.	Name and description of the party by, or on behalf of, whom the articles are produced and his position in the suit or proceeding.	Whether the articles are produced by the party or attached and brought and in the case of the latter, the date of attachment and the name of the attaching Ameen.	Description (in full) of the articles with their approximate values.	Signature of the officer taking possession of the articles in court.	Particulars of transfer of the articles to the Revenue Treasury for safe custody with dates of transmission and return.	Date of final disposal of the articles.	Nature of final disposal (whether delivered or returned to the party and if so, to whom, or sold in auction etc.).	Acknowledgment of the person taking delivery with full name and residence.	Attestation of witnesses.	Initials of the Head Ministerial officer and the presiding Judge.	Remarks.
1	2	3	4	5	6	7	8	9	10	11	12	13

൧൦൯൭-ാമാണ്ടുവക സിവിൽ സർക്കുലർ നമ്പർ ൭.

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നും ൧൦൯൭-ാമാണ്ടു വൃശ്ചികമാസം ൧൫-നു ഉണ്ടായ പ്രൊസീഡിംഗ്സ്.

ശേകവശം എടുക്കയും സൂക്ഷിച്ചു വെയ്ക്കുന്നതിനു മുതൽപിടിക്കാരന്മാരെ ഏല്പിക്കയും ചെയ്യപ്പെടുന്ന ആഭരണങ്ങളുടെയും മററു വിലപിടിച്ച സാധനങ്ങളുടെയും വകയ്ക്കു മിക്ക കോടതികളിലും പ്രത്യേകമായ ഒരു രജിസ്റ്റർ വച്ചിട്ടില്ലെന്നു ഹൈക്കോടതിയുടെ അറിവിൽ പെട്ടിരിക്കുന്നു. ചില കോടതികളിൽ ഈ വക സാമാനങ്ങളെ അവയുടെ കഴിയുന്നതും തുല്യമായ വിലയോടുകൂടി പണവക വരവു നാൾവഴിയിൽ കൊള്ളിക്കയും ചില കോടതികളിൽ അവയെ അനാമത്തു ഏറടവിൽ ചേർക്കയും മററു ചില കോടതികളിൽ അതുകളെ ജപ്തി ചെയ്യപ്പെട്ട ജംഗമവസ്തുക്കളുടെ വകക്കു വച്ചിട്ടുള്ള രജിസ്റ്ററിൽ എഴുതുകയും ചെയ്തുവരുന്നതായി കാണുന്നുണ്ട്. എന്നുതന്നെയുമല്ല ഈ വക സാധനങ്ങളുടെ വിലകളെ രൊക്കം പണമായിട്ടുതന്നെ ചില കോടതികളിലെ കണക്കുകളിൽ കാണിച്ചിരിക്കുന്നു. ഇതു ആക്ഷേപകരമാണെന്നു ഹൈക്കോടതി വിചാരിക്കുന്നു. ഈ വിഷയത്തിൽ പല കോടതികളിലെയും നടപടികളെ ഒരേ രീതിയിലാക്കുന്നതിലേക്കു താഴെ പറയുന്ന ഏർപ്പാടുകളെ കീഴ്ക്കോടതികൾ അറിഞ്ഞു നടക്കാൻവേണ്ടി ഹൈക്കോടതിയിൽ നിന്നും ഏർപ്പെടുത്തിയിരിക്കുന്നു.

(എ) വിലപിടിക്കുന്ന സാമാനങ്ങളെ മുതൽപിടിക്കാരന്റെ പക്കൽ ഏല്പിക്കുന്ന സമയം അതുകളുടെ വിവരവും കഴിയുന്നതും തുല്യമായ വിലയും പിരിവു നാൾവഴിയിൽ പതിക്കേണ്ടതാണു. എന്നാൽ ആ വിലയെ രൊക്കം പണമായിട്ടു കണക്കിൽ കാണിക്കേണ്ടതല്ല.

(ബി) ഈ വക സാമാനങ്ങളെ ഇതോടൊന്നിച്ചു ചേർത്തിരിക്കുന്ന ഫാറം അനുസരിച്ചു എല്ലാ കോടതികളിലും വയ്ക്കേണ്ടതായ ഒരു പ്രത്യേകം രജിസ്റ്ററിൽ ചേർക്കേണ്ടതാകുന്നു. അതുകളെ അനാമത്തു ഏറടവിൽ കൊള്ളിച്ചിട്ടോ ജപ്തിസാമാനങ്ങളുടെ വകക്കുള്ള രജിസ്റ്ററിൽ പതിച്ചിട്ടോ ആവശ്യം ഇല്ല.

ഈ വക വിലപിടിക്കുന്ന സാമാനങ്ങളുടെ വകക്കു ഒരു പ്രത്യേകരജിസ്റ്റർ വയ്ക്കേണ്ടതു ഇതുകൊണ്ടു ആവശ്യമാണു. അതാതു കോടതികളിലെ പ്രധാന ഉദ്യോഗസ്ഥന്മാർ മുതൽപിടിപ്പെട്ടി തിട്ടപ്പെടുത്തുന്ന സമയങ്ങളിലൊക്കയും ഈ വക സാമാനങ്ങളും ശരിയായിട്ടുണ്ടോ എന്നു നോക്കേണ്ടതാകുന്നു. ഈ വക സാമാനങ്ങളെപ്പററി അറിയേണ്ട വിവരങ്ങളെ എപ്പോഴും അനേകം പുസ്തകങ്ങളിൽ നിന്നും ശേഖരപ്പെടുത്തേണ്ടതായിരിക്കകൊണ്ടു അതുകളെ വരവു നാൾവഴിയിലൊ അനാമത്തേറടവിലൊ ജപ്തിസാമാനങ്ങളുടെ വകക്കുള്ള രജിസ്റ്ററിലൊ കൊള്ളിക്കുന്നതിൽ വെച്ചു മേൽപറഞ്ഞതുപോലെ തിട്ടപ്പെടുത്തുന്ന കാര്യത്തിലേക്കു യാതൊരു പ്രയോജനവും സിദ്ധമാകുന്നതല്ല. അതിനാൽ വേണ്ട വിവരങ്ങൾ എളുപ്പത്തിൽ നോക്കി അറിയുന്നതിലേക്കു ഒരു പുസ്തകം ഏററവും ആവശ്യമാകുന്നു. കക്ഷികളുടെ അനാമത്തുവക പണം സംബന്ധിച്ചു ഇപ്പോൾ നടപ്പിലിരിക്കുന്ന ചെല്ലാൻ ചെക്ക ഏർപ്പാടു നിമിത്തം ഈ വക സാമാനങ്ങളെ സൂക്ഷിക്കുന്നതിനു കോടതികൾക്കുള്ള ചുമതല നശിച്ചു പോകുന്നില്ല. ഇവയെ പെട്ടിയിൽവച്ചു മുദ്രയോടുകൂടി റവന്യൂ ഖജനാവുകളിലേക്കു വച്ചു സൂക്ഷിപ്പാൻ അയയ്ക്കാമെന്നുവരികിലും കോടതികൾ ഏററുവാങ്ങുകയും അതുകളെ സംബന്ധിച്ചു വല്ല നിവൃത്തിയും വരുത്തുകയും ചെയ്യേണ്ടതായിതന്നെ ഇരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള വില ഏറിയ സാമാനങ്ങളിന്മേൽ കക്ഷികൾ അവകാശം ബോധിപ്പിച്ചു ഉടനെ മേടിച്ചു കൊണ്ടുപോകുന്ന മാർഗ്ഗം യാതൊന്നും കാണാത്തപക്ഷം അതുകളെ റവന്യൂ ഖജനാവുകളിലേക്കു അയയ്ക്കേണ്ടതാണെന്നു സ്പഷ്ടമായി ഗ്രഹിച്ചിരിക്കേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം,
പി. സി. വള്ളിനായകം പിള്ള,
രജിസ്ട്രാർ.

ഫാറം ൨൨൧ നമ്പ്ര്

കോടതി മുമ്പാകെ ഹാജരാക്കപ്പെട്ട ആഭരണങ്ങളുടെയും മററു വിലപിടിച്ച സാമാനങ്ങളുടെയും വകക്കുള്ള രജിസ്തർ ചുരുക്കം.

൧	കോടതിയിൽ ഹാജരാക്കപ്പെട്ട തീയതി	
൨	സാമാനങ്ങളെ ഹാജരാക്കിട്ടുള്ള വ്യവഹാരത്തിന്റെയൊ പ്രൊസീഡിംഗസിന്റെയൊ ആണ്ടും നമ്പരും	
൩	ഹാജരാക്കിയ കക്ഷിയുടെയൊ അല്ലെങ്കിൽ ആൾക്കാർ ഉണ്ടു ഹാജരാക്കിയൊ ആയാളുടെയൊ പേരും വിവരവും അവർക്കു വ്യവഹാരത്തിലൊ പ്രൊസീഡിംഗസിലൊ ഉള്ള സംബന്ധവും	
൪	സാമാനങ്ങൾ കക്ഷി ഹാജരാക്കിയൊ അല്ലാ ജപ്തിചെയ്തു കൊണ്ടുവന്നതൊ എന്നും ജപ്തി ചെയ്തുകൊണ്ടുവന്നതാണെങ്കിൽ ജപ്തിചെയ്ത തീയതിയും ആമീന്റെ പേരും	
൫	സാമാനങ്ങളുടെ പ്രത്തിയായ വിവരങ്ങളും കഴിയുന്നതും തുല്യമായ വിലയും	
൬	സാമാനങ്ങളെ കൊട്ടിൽ ഏററുവാങ്ങിവച്ചു സൂക്ഷിക്കുന്ന ഉദ്യോഗസ്ഥന്റെ പേരു	
൭	സാമാനങ്ങളെ വെച്ചു സൂക്ഷിക്കുന്നതിനു റിസർവു ഖജനാവിലേക്കു അയച്ച വിവരങ്ങളും അയക്കയും മടങ്ങി വരുത്തുകയും ചെയ്യപ്പെട്ട തീയതികളും	
൮	സാമാനങ്ങളെ വില്ക്കയൊ കൊടുക്കയൊ ചെയ്ത തീയതി	
൯	ആ സാമാനങ്ങളെ കക്ഷിക്കു കൊടുക്കയൊ മടങ്ങി കൊടുക്കയൊ എന്തു ചെയ്തു എന്നും അങ്ങിനെയാണെങ്കിൽ ആർക്കെന്നും ലേലത്തിൽ വിററുവൊ എന്നും മററും ഉള്ള വിവരങ്ങളും	
൧൦	വാങ്ങുന്ന ആളുടെ രസീതും ഇരുപ്പും വാസസ്ഥലവും	
൧൧	സാക്ഷികളുടെ ഒപ്പുകൾ	
൧൨	പ്രധാന മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥന്റെയും പ്രധാന ജഡ്ജിയുടെയും അടയാളങ്ങൾ	
൧൩	റിമാർക്ക	

Civil Circular No. 8 of 1078.

Proceedings of the High Court of Travancore dated 11th Vrischigom 1078.

Referring to Civil Circular No. 10 of 1077, when statements of parties, depositions of witnesses &c., recorded by Judges and Munsifs in their own hand are not easily readable, attested copies thereof legibly written should be incorporated with the records of cases and should be sent up when they are called up for purposes of appeal or revision.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

൧൦൭൮-ാമാണ്ടു വക സിവിൽ സർക്കുലർ നമ്പർ ൮

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നും ൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൧൧-നു- ഉണ്ടായ പ്രൊസീഡിംഗ്സ്.

ജഡ്ജിമാരും മുൻസിഫന്മാരും അവരുടെ സ്വന്ത കൈപ്പടയിൽ കക്ഷികളുടെയൊ സാക്ഷികളുടെയൊ മൊഴികളും മറ്റും രേഖപ്പെടുത്തുന്നതു എളുപ്പത്തിൽ വായിക്കത്തക്കസ്ഥിതിയിൽ അല്ലാത്തെ ഇരിക്കുമ്പോൾ നല്ല കൈപ്പടയിൽ എഴുതി അടയാളപ്പെടുത്തിയ പകപ്പു റിക്കാർട്ടുകളോടു ചേർക്കയും അപ്പീലിനൊ പരിശോധനക്കൊ കേസുകൾ ആവശ്യപ്പെടുമ്പോൾ ആ പകപ്പുകളെ കേസുകളോടുകൂടെ അയക്കയും ചെയ്യേണ്ടതാണെന്നു ൧൦൭൭-ാമാണ്ടു വക ൧൦-ാം നമ്പർ സിവിൽ സർക്കുലറിനു ഇടച്ചു ആയിട്ടു ഹൈക്കോടതിയിൽ നിന്നും ആജ്ഞാപിക്കുന്നു.

ഉത്തരവിൻപ്രകാരം
പി. സി. വള്ളിനായകംപിള്ള,
രജിസ്ട്രാർ

Civil Circular No. 9 of 1078.

Proceedings of the High Court of Travancore dated 24th Vrischigom 1078.

The question arising as to (1) "whether an application to appoint a guardian under section 8 of Regulation II of 1077 should be registered as a regular suit and entered in the Register of original suits or as a miscellaneous petition and entered in petition book No. II" and (2)" whether the court fee leviable on such application is Rs. 70 under Article XX of Schedule No. II or under clause IV of section 4 of the Court fees Regulation", the High Court ruled that

An application to appoint a guardian cannot be regarded as a plaint and entered in the Registor of original suits, but should be treated as an original petition (vide paras 1 and 2 of the Rules dated the 18th Karkadagom last issued under the Regulation and form 1 appended thereto) and entered in a separate Register to be maintained in all the District Courts in respect of them in the form annexed. A progress diary showing every step taken on each application from the beginning to the end should also be kept. Interlocutory applications connected with these original petitions should be treated as ordinary Civil Miscellaneous petitions and entered in the general register of such petitions—No II prescribed by Civil Circular No. 10 of 1070—the No. and year of the original petition being entered in column 3 thereof. Article XX of Schedule II appended to the Court fees Regulation provides only for the levy of fees on applications made to the High Court to appoint guardians to minors &c. Under the law as it now stands, nothing more than the ordinary miscellaneous petition fee prescribed by Article XIV of the said schedule can be levied on such applications presented to the District Courts.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

Register of applications for the appointment of guardians under Regulation II of 1077 in the District Court............for the year 107 .

Serial No. of the application.	Date of receipt of application in court.	Name and description of petitioner and his relationship to the minor as required by para 1 of Form No. 1 appended to the Rules.	Name and description of the respt. and his relationship to the minor as required by para 2 of Form No. 1.	Name and description of the minor as required by paras 3 and 4 of Form No. 1.	Estimated value of the minor's estate.	The nature of the application.	The steps taken and the important orders made by the Court.		
							Date of order.	Reference to the No. and year of the C. M. P.	Abstract of the orders made.
1	2	3	4	5	6	7	8	9	10

൧൦൯൭-ാമാണ്ടു വക സിവിൽ സർക്കുലർ നമ്പർ ൯.

തിരുവിതാംകൂർ ഹൈക്കോട്ടിൽ നിന്നും ൧൦൯൭-ാമാണ്ടു വൃശ്ചികമാസം ൨൭-നു ഉണ്ടായ പ്രൊസീഡിംഗ്സ്.

(൧) ൧൦൯൬-ലെ ൨-ാം റെഗുലേഷൻ ൮-ാം വകുപ്പുപ്രകാരം ഒരു രക്ഷാകർത്താവിനെ നിയമിക്കാനുള്ള അപേക്ഷയെ ക്രമനമ്പരായി പതിച്ചു അസൽ നമ്പർകളുടെ രജിസ്റ്ററിൽ ചെയ്യേണ്ടതോ അതല്ലാ പലവക ഹർജിയായി ൨-ാം നമ്പർ ഹർജി പുസ്തകത്തിൽ ചെയ്യേണ്ടതോ എന്നും (൨) അപ്രകാരമുള്ള ഹർജിക്കു വസൂൽ ചെയ്യേണ്ടതായ കോർട്ടു ഫീസു കോർട്ടു ഫീസു റെഗുലേഷൻ ൨-ാം നമ്പർ പട്ടിക ൧൦-ാമത്തു പിരിവിൻപ്രകാരം ൫൦ പണമോ അല്ലാത്ത റെഗുലേഷൻ ൯-ാം വകുപ്പു ൩-ാം ഖണ്ഡപ്രകാരം അതിലേക്കു ഫീസു വസൂലാക്കേണ്ടതോ എങ്ങിനെയെന്നും ഉള്ള തർക്കങ്ങൾ നേരിടുകയാൽ ഹൈക്കോടതിയിൽ നിന്നും താഴെ പറയുംപ്രകാരം തീരുമാനിച്ചിരിക്കുന്നു.

ഒരു രക്ഷാകർത്താവിനെ നിയമിക്കാനുള്ള അപേക്ഷയെ ഒരു ആദ്യ അന്യായമായി ഗണിച്ചു അസൽ നമ്പർകളുടെ രജിസ്റ്ററിൽ ചെയ്യാൻ പാടില്ലാത്തതും എന്നാൽ അതിനെ ഒരു ആദ്യ ഹർജിയായി വിചാരിച്ചു ഇതോടുകൂടി ചേർത്തിരിക്കുന്ന ഫാറം അനുസരിച്ചു എല്ലാ ഡിസ്ട്രിക്ടു കോടതികളിലും വയ്ക്കേണ്ടതായ ഒരു പ്രത്യേക രജിസ്റ്ററിൽ ചെയ്യേണ്ടതുമാകുന്നു. (മേൽപറഞ്ഞ റെഗുലേഷനും അതോടു ചേർത്തിരിക്കുന്ന ൧-ാം നമ്പർ ഫാറവും അനുസരിച്ചു കർക്കടകമാസം ൧൨-നു ഏർപ്പെടുത്തിട്ടുള്ള റൂൾസിലെ ൧-ം ൨-ം വകുപ്പുകൾ നോക്കുക). ഓരോ അപേക്ഷയിന്മേൽ ആദ്യം മുതൽ അവസാനം വരെ നടത്തിട്ടുള്ള എല്ലാ നടപടികളെയും കാണിക്കുന്നതായ ഒരു നടപടി പുസ്തകംകൂടി വച്ചുകൊള്ളേണ്ടതാകുന്നു. ഈ ആദ്യ ഹർജികളെ സംബന്ധിച്ചു ഇടയ്ക്കു ബോധിപ്പിക്കുന്ന അപേക്ഷകളെ സാധാരണ സിവിൽ പലവക ഹർജികളായി വിചാരിച്ചു ൧൦൯൦-ാമാണ്ടു വക ൧൦-ാം നമ്പർ സിവിൽ സർക്കുലർ മൂലം ഏർപ്പെടുത്തിട്ടുള്ള ൨-ാം നമ്പർ രജിസ്റ്ററിൽ ചേർക്കേണ്ടതും ആദ്യ ഹർജിയുടെ നമ്പരും ആണ്ടും അതിലെ മൂന്നാമത്തെ ഖണ്ഡത്തിൽ എഴുതേണ്ടതുമാകുന്നു.

മൈനർകൾക്കുവേണ്ടി രക്ഷാകർത്താക്കന്മാരെ നിയമിക്കുന്നതിനും മറ്റും ഹൈക്കോട്ടിൽ ബോധിപ്പിക്കുന്ന ഹർജികൾക്കു ഫീസു വസൂൽ ചെയ്യേണ്ടതിനെപ്പറ്റി [illegible] കോർട്ടുഫീസു റെഗുലേഷനോടു ചേർത്തിരിക്കുന്ന രണ്ടാം നമ്പർ പട്ടികയിലെ ൧൦-ാമത്തു പിരിവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു. ചട്ടത്തിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു ൧-ാം പിരിവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാധാരണ സിവിൽ പലവക ഹർജികൾക്കുള്ള ഫീസല്ലാതെ കൂടുതലായി യാതൊന്നും ഡിസ്ട്രിക്ടു കോടതികളിൽ കൊടുക്കുന്ന മേൽപറയപ്പെട്ടതുപോലെയുള്ള അപേക്ഷകൾക്കു വസൂൽ ചെയ്വാൻ പാടില്ലാത്തതാകുന്നു.

ഉത്തരവിൻപ്രകാരം,
പി. സി. വള്ളിനായകംപിള്ള,
രജിസ്ട്രാർ.

൧൦൭   ാം വൎഷത്തെക്ക   ഡിസ്ത്രിക്ട് കൊട്ടിൽ ൧൦൭൭ൽ
൨ാം റെഗുലെഷൻ അനുസരിച്ചു രക്ഷകൎത്താക്കന്മാരെ നിയമി
ക്കാനുള്ള അപെക്ഷകളെ പതിക്കാനുള്ള രജിസ്റ്റർ.

അപെക്ഷയുടെ തുടച്ചയായനമ്പർ	അപെക്ഷ കൊട്ടിൽ വന്ന തിയതി	റൂൾസിനൊട ചെൎത്തിട്ടുള്ള ൧ാം നമ്പർ ഫാറത്തിന്റെ ൧ാം വകുപ്പിനാൽ ആവശ്യപ്പെട്ടിരിക്കുന്നപ്രകാരം ഹൎജിക്കാരന്റെ പെരും വിവരവും അയാൾക്കു മൈനരൊടുള്ള സംബന്ധവും	൧ാം നമ്പർ ഫാറം രണ്ടാമത്തെ വകുപ്പിനാൽ ആവശ്യപ്പെട്ടിരിക്കുന്നതിന്മണ്ണം അപ്പീൽ പ്രതിയുടെ പെരും വിവരവും അയാൾക്കു മൈനരൊടുള്ള സംബന്ധവും	൧ാം നമ്പർ ഫാറം ൩-ം ൪-ം വകുപ്പുകളാൽ ആവശ്യപ്പെട്ടിരിക്കുന്നതിന്മണ്ണം മൈനരുടെ പെരും വിവരവും	മൈനരുടെ സ്വത്തിന്റെ മതിപ്പുവില	അപെക്ഷയുടെ സ്വഭാവം	നടത്തപ്പെട്ട നടപടികളും കൊട്ടിൽ നിന്നും ഉണ്ടായിട്ടുള്ള മുഖ്യമായ ഉത്തരവുകളും		
							ഉത്തരവിന്റെ തിയതി	സിവിൽ പലവക ഹൎജിയുടെ നമ്പരും ആണ്ടും	ഉത്തരവുകളുടെ ചുരുക്കം
൧	൨	൩	൪	൫	൬	൭	൮	൯	൧൦

Proceedings of the High Court of Travancore dated 24th Vrischigom 1078.

The question arising with reference to the enhancement of the pecuniary *jurisdiction of the Munsifs from Rs 500 to* 1000 by Regulation I of 1077 as to "what process fees should be levied in a Munsif's Court on warrants of attachment and warrants of delivery of possession of property when no attachment has taken place in cases in which the value of subject matter ranges between Rs 500 and 1000 and exceeds Rs 1000 inclusive of costs &c.," the High Court ruled that

The present practice of levying a process fee of Fs. 14 on such *warrants* as fixed by Civil Circular No. 1 of 1069 with the sanction of His Highness' Government should be continued until further orders.

By Order,

P. C. VALLINAYAGOM PILLAI,
Registrar.

തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും ൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൨൪-നു ഉണ്ടായ പ്രൊസീഡിംഗ്സ.

൧൦൭൭-ാമാണ്ടു വക ൧-ാം റിഗുലെഷൻപ്രകാരം മുൻസിപ്പന്മാരുടെ അധികാരസല ൫൦൦ രൂപായിൽ നിന്നും ൧൦൦൦ രൂപാ വരെ കൂട്ടിയ സംഗതി ഇടപെട്ടു ൫൦൦ രൂപാ മുതൽ ൧൦൦൦ രൂപാ വരെയും ചിലവു മുതലായതു ഉൾപ്പെടെ ൧൦൦൦ രൂപായിൽ കവിഞ്ഞും വ്യവഹാര സലയുള്ള കെസുകളിൽ ജപ്തി വാറണ്ടുകൾക്കും ജപ്തി ഇല്ലാതെ ഇരിക്കെ വസ്തു കൈവശപ്പെടുത്തി കൊടുക്കുന്നതിനുള്ള വാറണ്ടുകൾക്കും മുൻസിപ്പു കൊടതിയിൽ എന്തു പ്രാസസ്സു ഫീസു ൟടാക്കണമെന്നു തൎക്കം നെരിട്ടതിൽ ഗവർമ്മെന്റു അനുവാദപ്രകാരം ൧൦൬൯-ൽ ലെ ൧-ാം നമ്പർ സിവിൽ സക്യുലറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനുള്ളും അങ്ങിനെയുള്ള വാറണ്ടുകൾക്കു ൧൪ പണം ൟടാക്കി വരുന്ന ഇപ്പൊഴത്തെ നടപ്പു ഇനി ഒരുത്തരവുണ്ടാകുന്നതു വരെ ഊർജ്ജിതത്തിൽ ഇരിക്കെണ്ടതാണെന്നു ഹൈക്കോടതി നിശ്ചയിച്ചു.

ഉത്തരവിൻപ്രകാരം
പി. സി. വള്ളിനായകംപിള്ള,
രജിസ്ത്രാർ.

The following is a list of candidates who have passed the P. W. D. Accounts Entrance Test held on 15 and 17-11-02.

Order of merit.	Name of Candidate.	Address.	Remarks.
1	D. S. Ramaswamy Iyer...	Clerk, Kothayar Irrigation Project Division, Colasagaram.	
2	S. Kulathur Iyer ...	Apprentice Accountant S. P. T. Chief Engineer's Office, Trivandrum.	

Trivandrum,
27th Dec. 1902.

C. A. SMITH,
Chief Engineer.

Criminal Circular No. 4 of 1078.

Proceedings of the High Court of Travancore, dated 27th Thulam 1078.

The question having arisen whether the conversion in appeal of a sentence of whipping into rigorous imprisonment and *vice versa*, would not amount to an enhancement prohibited by section 318 of the Criminal Procedure Code, this Court has, following the ruling in 6 B. L. R. Appendix 95 and 96, ruled that

The decision of the question will depend on the condition and circumstances of the accused in each case. Except in cases where the conversion is manifestly not an enhancement, as for instance where it is preferred by the accused himself, the High Court direct that such cases of the proposed substitution of one sort of the above punishments for the other be referred to the High Court under section 329 of the Criminal Procedure Code after the conviction is affirmed in appeal and after giving notice of reference to the accused.

By Order,
P. C. VALLINAYAGOM PILLAI,
Registrar.

൧൦൭൮-ാമാണ്ടു വക ക്രിമിനാൽ സർക്യൂലർ നമ്പ്ര ൪.

തിരുവിതാംകൂർ ഹൈക്കോർട്ടിൽ നിന്നും ൧൦൭൮-ാമാണ്ടു തുലാമാസം ൨൭-നു ഉണ്ടായ പ്രൊസീഡിംഗ്സ്.

അപ്പീലിൽ ഒരു അടിശിക്ഷയെ കഠിനതടവായും കഠിനതടവിനെ അടിശിക്ഷ ആയും മാററി നിശ്ചയിക്കുന്നതു ക്രിമിനാൽ നടപടി നിയമം ൩൧൮-ാം വകുപ്പിനാൽ വിരോധിക്കപ്പെട്ടിട്ടുള്ള ഒരു കൂടുതൽ ശിക്ഷ ആയി വരികയില്ലയൊ എന്നുള്ള തർക്കം നേരിട്ടതിൽ ഈ കോടതിയിൽ നിന്നും ൬-ാം ബെംഗാൾ ലാ റിപ്പോർട്ട് അപ്പെൻഡിക്സ് ൯൫-ം ൯൬-ം വശങ്ങളിലുള്ള റൂളിങ്ങ് അനുസരിച്ചു താഴെ പറയുംപ്രകാരം തീരുമാനിച്ചിരിക്കുന്നു.

ഈ തർക്കത്തിന്റെ തീരുമാനം ഓരോ കേസിലെ പ്രതിയുടെ സ്ഥിതിയെയും പ്രതിയെ സംബന്ധിച്ചുള്ള മററു സംഗതികളെയും അനുസരിച്ചിരിക്കുന്നതാകുന്നു. മേൽപറഞ്ഞ മാററം സ്പഷ്ടമായി ഒരു കൂടുതൽ ശിക്ഷയായി വരാത്ത സംഗതികളിൽ, അതായതു ആ മാററത്തെ പ്രതി തന്നെ സ്വീകരിക്കുന്ന കേസുകൾ ഒഴികെ, മേൽ വിവരിച്ചതുപോലെ ഒരുതരം ശിക്ഷയെ മറെറാരുതരം ശിക്ഷയാക്കണമെന്നു ഏതു കേസുകളിൽ അഭിപ്രായപ്പെടുന്നുവൊ ആ വക കേസുകളെ അപ്പീലിൽ കുററസ്ഥാപനത്തെ സ്ഥിരപ്പെടുത്തിയതിന്റെ ശേഷം ക്രിമിനാൽ നടപടിനിയമം ൩൨൯-ാം വകുപ്പുപ്രകാരം ഹൈക്കോടതിയ്ക്കു റിഫർ ചെയ്യുകയും അങ്ങനെ റിഫർ ചെയ്യുന്ന വിവരത്തിനു പ്രതിക്കു നോട്ടീസു കൊടുക്കയും ചെയ്യേണ്ടതാണെന്നു ഹൈക്കോടതിയിൽ നിന്നും ആജ്ഞാപിച്ചിരിക്കുന്നു.

ഉത്തരവിൻപ്രകാരം,
പി. സി. വള്ളിനായകംപിള്ള,
രജിസ്ത്രാർ.

Criminal Circular No. 5 of 1078.

Proceedings of the High Court of Travancore dated 9th Vrischigom 1078.

Summonses issued by Criminal Courts to Medical Officers as witnesses shall, as a rule, be served through the Durbar Physician. Exception may, however, be made in the case of Medical Officers in independent charge of institutions in stations where the courts before which they are required to appear are held. In such cases, summonses may be issued direct to the Medical witness concerned. If, however, owing to any unavoidable emergency, the Medical Officer is prevented from attending the court on the date and within the time prescribed, he will communicate the fact to the presiding officer of such court who should take the circumstances into consideration and grant, at his discretion, an adjournment till a convenient date.

By Order,
P. C. VALLINAYAGOM PILLAI,
Registrar

൧൦൭൮-ാമാണ്ടു വക ക്രിമിനാൽ സൎക്യുലർ നമ്പ്ര് ൫.

തിരുവിതാംകൂർ ഹൈക്കോട്ടിൽനിന്നും ൧൦൭൮-ാമാണ്ടു വൃശ്ചികമാസം ൧൧-ാം ഉണ്ടായ പ്രൊസീഡിംഗ്സ്.

